**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4529** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കുട്ടനാട്ടിലെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് ലഭ്യമാക്കുകയുമാണ് ചെയ്തു വരുന്നത്. സർക്കാർ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് മേൽ പറഞ്ഞ ധനസഹായം നൽകി വരുന്നത്. |
| (ബി) | ഇത്തരം കാവുകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ |

| | | | |
|---|---|---|---|
| | | | വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് ലഭ്യമാക്കുകയുമാണ് ചെയ്തു വരുന്നത്. സർക്കാർ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് മേൽ പറഞ്ഞ ധനസഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ